പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1183 | 15-10-2026-ൽ മറുപടിയ്ക്ക്

<u>ന്യൂനപക്ഷ ക്ഷേമത്തിനായി പുതിയ പദ്ധതികൾ</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് | ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ന്യൂനപക്ഷ ക്ഷേമത്തിനായി പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u> ഉണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിലെ ഉന്നമനം ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.**

**(ബി)** വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വകുപ്പിനുകീഴിൽ പുതിയ പദ്ധതികൾ/സ്കീമുകൾ എന്നിവ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സമഗ്ര രൂപം ആയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദേശപഠനത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്നതിനായി പുതിയ പദ്ധതികൾ ആരംഭിക്കുകയും നിലവിലുള്ള പദ്ധതികൾക്കായി ആവശ്യമായ ബജറ്റ് വിഹിതം വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

<u>1. ഓവർസീസ് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ്</u>

2026-27 സാമ്പത്തിക വർഷം മുതൽ വിദേശ സർവകലാശാലകളിൽ എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, സയൻസ്, അഗ്രികൾച്ചറൽ സയൻസ്, മെഡിസിൻ, സോഷ്യൽ സയൻസ്, നിയമം എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം (പി.ജി.), ഗവേഷണ ബിരുദം (പി.എച്ച്.ഡി.) കോഴ്സുകൾ പഠിക്കുന്ന സംസ്ഥാനത്തെ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി '**ഓവർസീസ് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ്**' എന്ന പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി 200 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 10 ലക്ഷം രൂപ വരെ, മൂന്ന് വർഷം അല്ലെങ്കിൽ കോഴ്സ് പൂർത്തീകരണ കാലാവധി—ഇവയിൽ ഏതാണോ കുറവ്—ആ കാലയളവിലേക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>2. ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോരിറ്റീസ്</u>

ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഗവേഷണ വിദ്യാർത്ഥികൾക്കായി 2025-26 സാമ്പത്തിക വർഷം മുതൽ '**ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോരിറ്റീസ്**' എന്ന പദ്ധതി നടപ്പിലാക്കി

വരുന്നു. ബിരുദാനന്തര ബിരുദം പൂർത്തിയാക്കി, യു.ജി.സി. അംഗീകരിച്ച സർവകലാശാലകളിലോ സ്ഥാപനങ്ങളിലോ റഗുലർ പി.എച്ച്.ഡി. പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷിക്കാം.

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. അർഹരായ ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ, എട്ട് ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള എ.പി.എൽ വിഭാഗക്കാരെയും പരിഗണിക്കുന്നതാണ്. കുടുംബ വാർഷിക വരുമാനവും മാർക്കും അടിസ്ഥാനമാക്കി ജനസംഖ്യാനുപാതികമായാണ് ഫെല്ലോഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. ഗവേഷണ കാലയളവിൽ പ്രതിവർഷം 2,40,000/- രൂപ നിരക്കിൽ മൂന്ന് തവണകളായി ആകെ 7,20,000/- രൂപ ഫെല്ലോഷിപ്പായി അനുവദിക്കുന്നു. 2026-27 സാമ്പത്തിക വർഷം പദ്ധതിക്കായി 600 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**